**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1898** **09-12-2022 - ൽ മറുപടിയ്ക്ക്**

**കോളേജ് വിദ്യാർത്ഥികളുടെ മാനസികാരോഗ്യ പരിപാലനം ലക്ഷ്യമിട്ടുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീമതി ദെലീമ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കലാലയങ്ങളിൽ ലിംഗനീതി ബോധനത്തിനും പരാതി പരിഹാരങ്ങൾക്കുമായി പ്രത്യേകമായ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതിന്റെ ഭാഗമായി പ്രത്യേകമായ പ്രചരണ പരിപാടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. കലാലയങ്ങളിൽ ലിംഗസമത്വം ഉറപ്പാക്കുന്നതിനായി പാഠ്യരീതിയിൽ ഉൾപ്പെടെ മാറ്റങ്ങൾ വരുത്തുവാനും കലാലയങ്ങളിൽ നടത്തേണ്ട ബോധവത്കരണം, സെമിനാർ എന്നിവ നടത്തുന്നതിനുമായി സർക്കാർ-എയ്ഡഡ് കോളേജുകളിലെ അധ്യാപകരെ സംഘടിപ്പിച്ച് 2 ദിവസത്തെ ശില്പശാല നടത്തുകയുണ്ടായി. ശില്പശാലയിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾ ഉൾപ്പെടുത്തി മൊഡ്യൂൾ തയ്യാറാക്കുകയും അതോടൊപ്പം കോളേജുകളിൽ ബോധവത്കരണ സെമിനാറുകളും സംഘടിപ്പിച്ചുവരുന്നു. കോളേജുകളിൽ വിദ്യാർത്ഥികൾക്ക് മാനസിക ലഘൂകരണത്തിനായുള്ള കൗൺസിലിംഗ് കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്.<br><br>സാങ്കേതിക വിദ്യാഭ്യാസവകുപ്പിന്റെ കീഴിൽ എല്ലാ ക്യാമ്പസുകളിലും ലിംഗനീതി ബോധവൽക്കരണ പരിപാടികൾ പതിവായി നടത്താറുണ്ട്. വിദ്യാർത്ഥികൾ വിവിധ മാർഗ്ഗങ്ങളിലൂടെ പൊതുജനങ്ങൾക്കിടയിൽ പ്രചരണം നടത്തുന്നുണ്ട്. ക്യാമ്പസുകളിൽ ഇന്റേണൽ കംപ്ലയിന്റ് സെൽ ഉൾപ്പെടെയുള്ള പരാതി പരിഹാര സെല്ലുകൾ സ്ഥാപിക്കുകയും നിയമ, പോലീസ് വകുപ്പ് മുതലായവരുടെ സഹായത്തോടെ പരിപാടികൾ നടത്തുകയും ചെയ്യുന്നുണ്ട്. ലൈംഗിക അതിക്രമങ്ങളെ തരണം ചെയ്യുന്നതിനായി ഇമോഷണൽ സെക്യൂരിറ്റി കൗൺസിലിംഗ് സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | സമൂഹത്തിൽ ലൈംഗികാതിക്രമങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ ക്യാമ്പസുകളിൽ വൈകാരിക സുരക്ഷ ഉറപ്പുവരുത്താൻ നടപടികൾ | (ബി) | ' എ ' - യിൽ നൽകിയിരിക്കുന്നു. |

| | | | |
|---|---|---|---|
| | സ്വീകരിച്ചുവരുന്നുണ്ടോ; ഇതിനായി ക്യാമ്പസുകളിൽ പ്രത്യേക കൗൺസിലിംഗ് കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | | |
| (സി) | കോളേജ് വിദ്യാർത്ഥികളുടെ മാനസികാരോഗ്യ പരിപാലനം ലക്ഷ്യമിട്ട് പ്രത്യേക പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | ഉണ്ട്. വിദ്യാർത്ഥികളുടെ മാനസിക സംഘർഷം കുറയ്ക്കുന്നതിനും മാനസിക ആരോഗ്യം വളർത്തുന്നതിനുമായി 2019 മുതൽ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ജീവനി. പദ്ധതിയുടെ ഭാഗമായി സർക്കാർ കോളേജുകളിൽ സൈക്കോളജി വിദഗ്ദ്ധരെ നിയമിക്കുകയും വിദ്യാർത്ഥികൾക്ക് മാനസിക ലഘൂകരണത്തിനായുള്ള കൗൺസിലിംഗ് എന്നിവ നൽകി വരുന്നു. 2022-23 അധ്യയന വർഷം വകുപ്പിന് കീഴിലുള്ള 73 സർക്കാർ കോളേജുകളിൽ സൈക്കോളജി അപ്രന്റിസുമാരെ നിയമിച്ചിട്ടുണ്ട്.<br><br>സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ സ്ഥാപനങ്ങൾ വിദ്യാർത്ഥികൾക്ക് Mentoring ക്രമീകരിച്ചിരിക്കുന്നതിനാൽ അവർ അദ്ധ്യാപകരുമായി കൂടുതൽ ഇടപഴകാനും അവരുടെ പ്രശ്നങ്ങൾ പങ്കിടാൻ തയ്യാറാകുകയും ചെയ്യുന്നു. ആവശ്യമുള്ളപ്പോഴെല്ലാം മെഡിക്കൽ ഡിപ്പാർട്ടുമെന്റിന്റെ സഹായത്തോടെ പ്രൊഫഷണൽ കൗൺസിലിംഗ് ക്രമീകരിച്ചിട്ടുണ്ട്. അതോടൊപ്പം സർക്കാർ ഉത്തരവ് സ.ഉ.(സാധാ)നം.1317/2021 തീയതി 04.10.2021 പ്രകാരം ക്ലാസുകൾ, Gender Justice ഫോറങ്ങൾ, Internal Complaints Committee എന്നിവ നടപ്പിലാക്കുവാൻ എല്ലാ സ്ഥാപന മേധാവികൾക്കും നിർദ്ദേശം നല്കിയിട്ടുണ്ട്. Internal Complaints Committee അംഗങ്ങളുടെ പേരു വിവരങ്ങൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുവാനുള്ള നടപടി കൈക്കൊള്ളുവാനും സ്ഥാപന മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ